(ബി) പി.എസ്.സി. നിയമനത്തിനു ശിപാർശ ചെയ്യപ്പെടുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന നിർദ്ദേശം വകുപ്പ് തലവൻമാർക്ക് നൽകിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) നിയമന നിരോധനം നിലവിൽ ഇല്ല. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിവിധ തസ്തികകളിൽ നിയമനം നടക്കുന്നുണ്ട്.

(ബി) ഒഴിവുകളുടെ ലഭ്യതയ്ക്കനുസരിച്ച് നിയമനത്തിൽ ഏറ്റക്കുറച്ചിലുകൾ വരാറുണ്ട്. എങ്കിലും പൊതുവിൽ പി.എസ്.സി. നിയമന ശിപാർശകളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ല എന്ന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടില്ല. മറിച്ച് നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പ

22 (*322) ശ്രീ. മോൻസ് ജോസഫ് :
,, റ്റി. യു. കുരുവിള :
,, തോമസ് ഉണ്ണിയാടൻ :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവർക്ക് ഏതെല്ലാം വിധത്തിലുള്ള ആനുകൂല്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പാ ഗുണഭോക്താക്കൾക്ക് കേന്ദ്ര സർക്കാർ ഏതെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ;

(സി) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരുടെ ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പലിശയിളവ് അനുവദിച്ച് വരുന്നു.

കൂടാതെ 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് 1-4-2004 മുതൽ 31-3-2009 വരെ എടുത്ത വിദ്യാഭ്യാസ വായ്പയ്ക്ക് 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്സിഡി, വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട 1-4-2009-ന് ശേഷം വിദ്യാഭ്യാസ ലോൺ എടുത്തവർക്കും പലിശ സബ്സിഡി നൽകുന്ന കേന്ദ്രപദ്ധതി നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമൂലം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറിക്ക് മൊറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 9-10-2015-ൽ അവസാനിച്ചു. പ്രസ്തുത ഉത്തരവ് 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള, പുതിയ കേന്ദ്രസർക്കാർ സബ്സിഡിക്ക് അപേക്ഷിച്ചവർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കും 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 7-12-2015 ൽ അവസാനിച്ചതിനെ തുടർന്ന് പ്രസ്തുത മൊറട്ടോറിയം 6 മാസ കാലാവധിയിലേയ്ക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly